ടോൾ പിരിവ്

11 (*671). ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ പിരിക്കുന്ന പാലങ്ങളും റോഡുകളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; ഇവയിൽ എത്രകാലമായി ടോൾ പിരിവ് നടക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) മട്ടാഞ്ചേരി പാലത്തിന് എന്തു തുക നിർമ്മാണചെലവ് വന്നുവെന്ന് വ്യക്തമാക്കുമോ ; പിരിവിലൂടെ ലഭിച്ച തുകയെത്ര ;

(സി) നിർമ്മാണച്ചെലവിനേക്കാൾ എത്രയോ ഇരട്ടി തുകയാണ് ടോൾ പിരിയ്ക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഏതെല്ലാം പാതകൾക്കാണ് ടോൾ പിരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) മട്ടാഞ്ചേരി പാലത്തിന്റെ നിർമ്മാണച്ചെലവ് 22.15 കോടി രൂപയായിരുന്നു. പാലം നിർമ്മിച്ച് ഗാമൺ ഇന്ത്യ എന്ന കമ്പനി സമർപ്പിച്ച രേഖകൾ പ്രകാരം 26-4-2014 വരെ 44,25,88,892 രൂപ (നാൽപത്തി നാല് കോടി ഇരുപത്തിയഞ്ചു ലക്ഷത്തി എൺപത്തെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപാ മാത്രം) ടോൾ ഇനത്തിൽ കമ്പനി പിരിച്ചെടുത്തിട്ടുണ്ട്.

(സി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നത് കേരള ടോൾസ് ആക്ട്, 1976 (6 of 1977) പ്രകാരവും, കേരള ടോൾസ് ലെവി റൂൾസ്, 1983-ലെയും വ്യവസ്ഥകൾ അനുസരിച്ചാണ്. പാലം നിർമ്മാണത്തിന് ചെലവായ തുക (9% പലിശ നിരക്ക് ഉൾപ്പെടെ) പിരിഞ്ഞു കിട്ടുന്നതുവരെ അല്ലെങ്കിൽ 15 വർഷം വരെ (10 കോടി രൂപ വരെ നിർമ്മാണച്ചെലവാണെങ്കിൽ)/20 വർഷം വരെ (10 കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവാണെങ്കിൽ) ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ പാലങ്ങളിൽ നിന്നും ടോൾ പിരിക്കേണ്ടിവരും. നിലവിൽ 5 കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവുള്ള പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത്. ദേശീയ പാതയിലും പാലങ്ങളിലും ടോൾ പിരിക്കുന്നത് കേന്ദ്ര നിയമമനുസരിച്ചാണ്. ഇതനുസരിച്ച് ടോൾ പിരിവ് നിരന്തരം (perpetual) നടത്തേണ്ടതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട് .

LIBRARY ARCHIVES Kerala Legislative Assembly

ആർ. ബി. ഡി. സി. കെ (Roads & Bridges Development Corporation of Kerala Limited) നിർമ്മിക്കുന്ന പാലങ്ങളിൽ നിന്നും കേരള റോഡ് ഫണ്ട് ആക്ട്, 2001 (10 of 2001) പ്രകാരം നിർമ്മാണച്ചെലവ് പരിഗണിക്കാതെ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ടോൾ പിരിക്കുന്നില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാ ദേശീയപാത വികസന പ്രവർത്തനങ്ങൾക്കും ടോൾ പിരിവ് ബാധകമാണ്.

കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവ്

12 (*672) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുറവ് ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനങ്ങളുടെയും അനധികൃത കടത്ത്

13 (*673) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിലും സൗജന്യമായും പൊതുജനങ്ങൾക്ക് നൽകുന്ന ഭക്ഷ്യവസ്തുക്കളും ഇന്ധനങ്ങളും വ്യാപകമായി കരിഞ്ചന്തയിലേക്ക് പോകുന്ന സമീപകാലപശ്ചാത്തലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly